പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2806 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യത്തൊഴിലാളി സഹായ പദ്ധതി മാർഗ്ഗനിർദ്ദേശ പരിഷ്കരിക്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യബന്ധനത്തിനും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കെ ആകസ്മികമായി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗമെന്ന നിലയിൽ ആനുകൂല്യം ലഭ്യമാക്കുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: നിലവിൽ മത്സ്യബോർഡ്, മത്സ്യഫെഡ് എന്നിവ വഴി അപകട മരണത്തിനു ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിലും ആകസ്മിക മരണത്തിനു പ്രത്യേക പദ്ധതികൾ നിലവിൽ നടപ്പാക്കുന്നില്ല. ആയതിനാൽ മത്സ്യബന്ധന സമയത്ത് അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ (ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക് തുടങ്ങിയ കാരണങ്ങളാൽ) മരണപ്പെടുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് കൂടി ധനസഹായം ലഭ്യമാകുന്ന തരത്തിൽ ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി ഇൻഷുറൻസ് കമ്പനികളുമായി ഫിഷറീസ് വകുപ്പ് വഴി പ്രാഥമിക ചർച്ചകൾ നടന്നു വരുകയാണ്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ (മത്സ്യബോർഡ്) അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. മത്സ്യബോർഡിന്റെ ആരംഭം മുതൽ നടപ്പാക്കി വരുന്ന ഈ പദ്ധതിയിൽ ഗുണഭോക്താക്കളിൽ നിന്നും ഇൻഷുറൻസ് പ്രീമിയം തുക ഒന്നും ഈടാക്കുന്നില്ല. പദ്ധതിയുടെ പ്രീമിയം തുക പൂർണ്ണമായും അതാത് വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി വ്യവസ്ഥകൾ പ്രകാരം, മത്സ്യബന്ധനത്തിലും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കെ ഉണ്ടാകുന്ന സ്വാഭാവിക മരണങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നതല്ല. ഈ സാഹചര്യം പരിഗണിച്ച് മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ (ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക് തുടങ്ങിയ കാരണങ്ങളാൽ) മരണപ്പെടുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്.

മത്സ്യബോർഡ് തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന 'മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി' പ്രകാരം, മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരണമടഞ്ഞാലും ആശ്രിതർക്ക് 15,000/- രൂപ ധനസഹായം അനുവദിക്കുന്നുണ്ട്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു.

ഇതിനു പുറമേ മത്സ്യബന്ധന സമയത്ത് അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ (ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക് തുടങ്ങിയ കാരണങ്ങളാൽ) മരണപ്പെടുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് കൂടി ധനസഹായം ലഭ്യമാകുന്ന തരത്തിൽ ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികളും വകുപ്പ് വഴി ആരംഭിച്ചിട്ടുണ്ട്.

(ബി) അറുപത് വയസ്സിനു മുൻപ് വിവിധ രോഗങ്ങൾ വന്ന് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> മത്സ്യബോർഡ് തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന 'മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി' പ്രകാരം, മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരണമടഞ്ഞാലും ആശ്രിതർക്ക് 15,000/- രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. അറുപത് വയസ്സിനു താഴെയുള്ളവരും ക്ഷേമനിധി കുടിശ്ശിക ഇല്ലാത്തവരുമായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, അറുപത് വയസ്സിനു ശേഷം തൊഴിലിൽ തുടരുന്നവരിൽ മത്സ്യത്തൊഴിലാളി പട്ടികയിൽ പേരുണ്ടാകുകയും, ക്ഷേമനിധി കുടിശ്ശിക ഇല്ലാത്തവരുമായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും ഈ പദ്ധതി ആനുകൂല്യം ലഭ്യമാകുന്നതാണ്.

മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്.

മത്സ്യബന്ധനത്തിടെ അപകടം മൂലം കാണാതാകുന്ന/മരണപ്പെടുന്ന മത്സ്യബോർഡിൽ അംഗത്വമില്ലാത്ത മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കൂടാതെ, മാരകരോഗം ബാധിച്ച സജീവ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ സഹായത്തോടെ ആവിഷ്കരിച്ചു നടപ്പാക്കുന്ന സാന്ത്വനതീരം പദ്ധതിയിലൂടെ, **അനുബന്ധം (എ)** പ്രകാരമുള്ള രോഗങ്ങളുടെ തുടർ ചികിത്സയ്ക്കായി ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്.

ഇതിന് പുറമേ, തനത് ഫണ്ട് വിനിയോഗിച്ച് മത്സ്യബോർഡ് നടപ്പിലാക്കുന്ന മാരകരോഗ ചികിൽസാ പദ്ധതിയിലൂടെ, **അനുബന്ധം (ബി)** പ്രകാരമുള്ള രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ടിയും

പ്രതിവർഷം ഒറ്റത്തവണ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

മറുപടി: മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഫിഷറീസ് വകുപ്പ് വഴിയും മത്സ്യഫെഡ്, മത്സ്യബോർഡ് എന്നിവ വഴിയും നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ വനിതാ ശാക്തീകരണത്തിലൂടെ മത്സ്യലഭ്യതയില്ലാത്ത സമയത്തും മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കരുത്തേകുന്നതിന് SAF വഴിയും നിരവധി പദ്ധതികൾ, മത്സ്യബന്ധന ഉപകരണങ്ങൾ നൽകൽ, ആധുനിക മത്സ്യ ബന്ധന സംവിധാനങ്ങൾ, അടച്ചുറപ്പുള്ള ഭവനങ്ങൾ, മത്സ്യ ഗ്രാമം പദ്ധതികൾ എന്നിവയിലൂടെ മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ ഉതകുന്ന പദ്ധതികളാണ് നിലവിൽ വകുപ്പ് വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം (എ)

മാരകരോഗം ബാധിച്ച സജീവ മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ സഹായത്തോടെ ആവിഷ്കരിച്ചു നടപ്പാക്കുന്ന സാന്ത്വനതീരം പദ്ധതിയുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	രോഗ ചികിത്സ	ധനസഹായ തുക (പ്രതിവർഷം പരമാവധി തുക – രൂപ)
1.	ഹൃദ്രോഗം	50,000/–
2.	വൃക്കരോഗം – ഡയാലിസിസ്	50,000/–
3.	കരൾ രോഗം	20,000/–
4.	കാൻസർ	50,000/–
5.	കണ്ണ് ചികിത്സ	10,000/–
6.	സ്ട്രോക്ക്, തളർവാതം, കിടപ്പു രോഗം	20,000/–
7.	മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ (മത്സ്യത്തൊഴിലാളികൾക്ക് മാത്രം)	10,000/–
8.	കുട്ടികളുടെ ഓട്ടിസം	20,000/–
9.	ഗർഭാശയ സംബന്ധമായ രോഗങ്ങൾ	10,000/–

അനുബന്ധം (ബി)

തനത് ഫണ്ട് വിനിയോഗിച്ച് മത്സ്യബോർഡ് നടപ്പിലാക്കുന്ന
മാരകരോഗ ചികിൽസാ പദ്ധതിയുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	രോഗ ചികിത്സ	ധനസഹായം	
		മത്സ്യത്തൊഴിലാളി	അനുബന്ധത്തൊഴിലാളി
1.	ഹൃദ്രോഗം	50,000/-	25,000/-
2.	വൃക്കരോഗം	50,000/-	25,000/-
3.	കാൻസർ	50,000/-	25,000/-
4.	തലച്ചോറിലെ ട്യൂമർ	50,000/-	ഇല്ല
5.	തളർവാതം	12,000/-	10,000/-
7.	ചികിത്സിച്ചു ഭേദമാക്കാൻ കഴിയുന്ന മാനസിക രോഗം	5,000/-	10,000/-
8.	ഗർഭാശയ സംബന്ധമായ രോഗം	ഇല്ല	5,000/-